(ഡി) അവയിൽ ഓരോ കേസിലും അഡ്വക്കേറ്റ് ജനറൽ/അറ്റോർണി ജനറൽ/ സോളിസിറ്റർ ജനറൽ തുടങ്ങിയവരിൽനിന്നും നിയമോപദേശം തേടിയിട്ടുണ്ടായിരുന്നുവോയെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) അഴിമതി നിരോധന നിയമത്തിലെ 7 ഉം, 13 (1) (ഡി)യുമാണ് പ്രസ്തുത വകുപ്പുകൾ. ഒരു പൊതുജനസേവകൻ തന്റെ കർത്തവ്യവുമായി ബന്ധപ്പെടുന്ന വിഷയത്തിൽ മറ്റൊരാളിന്റെ താൽപ്പര്യത്തിന് അനുസരിച്ച് പ്രവർത്തിക്കുന്നതിന് തുക ചോദിച്ച് വാങ്ങുന്നത് വകുപ്പ് 7 പ്രകാരം കുറ്റകരമാണ്. അപ്രകാരം ചെയ്യുന്നതായ പ്രവർത്തികൊണ്ട് പൊതുജനസേവകന് സാമ്പത്തികനേട്ടം കൈവന്നാൽ വകുപ്പ് 13 (1)(ഡി) പ്രകാരം കുറ്റകരമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തി കുറ്റകരമാകണമെങ്കിൽ പൊതുജനസേവകൻ കൈക്കൂലിയായി ആവശ്യപ്പെട്ടതിനുള്ള തെളിവ് ലഭ്യമാകണം. ഈ വിഷയത്തിൽ വർഷങ്ങളായി ഒട്ടനവധി വിധികൾ ഹൈക്കോടതികളും സുപ്രീംകോടതിയും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അടുത്ത കാലത്തുണ്ടായ സുപ്രീംകോടതി വിധികൾ ബി.ജയരാജ് Vs.സ്റ്റേറ്റ് ഓഫ് എ.പി. (2014(4)സ്കെയിൽ 81) പുരുഷോത്തം Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക (2014(4) KLT SN 79), സുകുമാരൻ Vs സ്റ്റേറ്റ് ഓഫ് കേരള (2015 (1) KLT SN 87) എന്നിവയാണ്.

(ബി) തെളിവുകളുടെ തോത് നിർണ്ണയിക്കപ്പെടുന്നതിന് അനുസൃതമായ നിയമങ്ങളോ ചട്ടങ്ങളോ ഉത്തരവുകളോ വിജിലൻസ് ബ്യൂറോയിൽ നിലവിലില്ല.

(സി&ഡി) കോഴപ്പണം കൈപ്പറ്റിയതിന്റെ പേരിൽ വിജിലൻസ് ഡയറക്ടർ കോടതിയിൽ ഒരു വിജിലൻസ് കേസ്സിനും കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

റാന്നി പോലീസ് സ്റ്റേഷനിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

175 (2995) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പോലീസ് സ്റ്റേഷനിൽ ഓഫീസർമാരടക്കം എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്ന് പറയാമോ ;

(ബി) എന്തുകൊണ്ടാണ് ഇത്രയും തസ്തികകൾ ഇപ്പോഴും ഒഴിഞ്ഞു കിടക്കുന്നത് ; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗതാഗതം നിയന്ത്രിക്കാൻ ആവശ്യത്തിന് പോലീസുകാരെ നിയോഗിക്കാത്തതിനാൽ റാന്നി പെരുമ്പുഴയിലും ഇട്ടിയപ്പാറയിലും ഉണ്ടായിരുന്ന ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) റാന്നി പോലീസ് സ്റ്റേഷനിൽ ഓഫീസർമാരടക്കം 49 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 11 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) ഉണ്ട്. റാന്നി പെരുമ്പുഴയിലും ഇട്ടിയപ്പാറയിലും ഗതാഗത തടസ്സം നിയന്ത്രിക്കുന്നതിന് എ.ആർ. ക്യാമ്പിൽനിന്നും 4 പോലീസ് ഉദ്യോഗസ്ഥരെ അധികമായി നിയമിച്ച് ഗതാഗതം നിയന്ത്രിച്ച് വരുന്നുണ്ട്.

പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണം

176 (2996) ശ്രീ. പാലോട് രവി :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിസ്റ്റമാറ്റിക് ഹെൽത്ത് അസ്സെസ്സ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. പോലീസ് വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി സഹകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly